## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്താവുന്നതാണ്.

### മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചുവെന്നത് ലോകമെമ്പാടുമുള്ള മലയാളികളെ സംബന്ധി ച്ചിടത്തോളം ഏറ്റവും അഭിമാനകരമായ കാര്യമാണ്. സംസ്കൃതം, തമിഴ്, തെലുങ്ക്, കന്നട എന്നീ ഭാഷകൾക്കൊപ്പം വൈകിയാണെങ്കിലും മലയാള ത്തിന് ശ്രേഷ്ഠഭാഷാ പദവി നേടാൻ കഴിഞ്ഞത് നമ്മുടെയെല്ലാം കൂട്ടായ ശ്രമ ത്തിന്റെ ഭാഗമായിട്ടാണെന്ന കാര്യം ഞാൻ ഇവിടെ അനുസ്മരിക്കട്ടെ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ശ്രേഷ്ഠഭാഷാ പദവിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ശക്തമായത്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചു താനന്ദനും പ്രതിപക്ഷ നേതാവായിരുന്ന ഞാനും സാംസ്ക്കാരിക വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബി, ശ്രീ. ഒ. എൻ. വി. കുറുപ്പ്, ശ്രീമതി സുഗതകുമാരി, ഡോ. പുതുശ്ശേരി രാമചന്ദ്രൻ, ശ്രീ. സച്ചിദാനന്ദൻ, ശ്രീ. ഓംചേരി തുടങ്ങിയ ഭാഷ പ്രേമികളും കേരളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിക്കാനുള്ള അർഹത പ്രധാനമന്ത്രിക്ക് മുമ്പിൽ അവതരിപ്പിക്കുകയു ണ്ടായി. ക്ലാസിക് പദവി ലഭിക്കുന്നതിനുവേണ്ട മാനദണ്ഡങ്ങൾ മലയാളം പാലിക്കുന്നുണ്ടെന്ന് കാണിക്കുന്ന വിശദമായ ഒരു റിപ്പോർട്ട് ലഭിച്ചാൽ തുടർ നടപടികൾ സ്വീകരിക്കാമെന്ന് പ്രധാനമന്ത്രി നിവേദക സംഘത്തിന് മറുപടി നൽകി. ക്ലാസിക്കൽ പദവിക്കുള്ള അർഹത സ്ഥാപിക്കുന്നതിനുള്ള വിശദ

മായ റിപ്പോർട്ട് തയ്യാറാക്കലായിരുന്നു അടുത്ത ഘട്ടം. ആ ചുമതല International School of Dravidian Linguistic-നെ ഏൽപ്പിച്ചു. ഡോ. പുതുശ്ശേരി രാമചന്ദ്രൻ അദ്ധ്യക്ഷനും ഡോ. എം. രാമ മെമ്പറും ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ കൺവീനറുമായ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കപ്പെട്ടു. മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവിക്ക് അർഹതയുണ്ടെന്ന് സ്ഥാപിക്കുന്ന റിപ്പോർട്ട് നാല് വാല്യങ്ങളായി വിദഗ്ദ്ധ സമിതി തയ്യാറാക്കി പ്രധാനമന്ത്രിക്ക് നൽകി. പ്രധാനമന്ത്രി ഈ വിഷയം കേന്ദ്രസാഹിത്യ അക്കാദമിയുടെ പരിഗണനയ്ക്ക് വിട്ടു. അക്കാദമി വിഷയം പഠിച്ച് ശുപാർശ നൽകാൻ ഒരു ഉപസമിതിയെ നിയോഗിച്ചു. ഉപസമിതിയിലുള്ളവരുടെ മനോഭാവത്തെ സംബന്ധിച്ച് ആശങ്കകൾ ഉന്നയിക്കപ്പെട്ടിരുന്നു. മലയാളത്തിനെതിരെ ഉയർന്നുവന്ന ആക്ഷേപങ്ങളെപ്പറ്റി മലയാളഭാഷ പണ്ഡിതരുടെ വിശദീകരണം പോലും കേൾക്കാതെയാണ് മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവിക്ക് അർഹതയില്ലെന്ന് അവർ ശുപാർശ നൽകിയത്. ഈ നിലപാടിനെതിരെ കേരളം ശക്തമായി പ്രതികരിച്ചു. എന്റെ നേതൃത്വത്തിൽ സംസ്ഥാന മന്ത്രിതല സംഘം പ്രധാനമന്ത്രിയെക്കണ്ട് മലയാളം ഭാഷയെ കേൾക്കാതെ നൽകിയ ശുപാർശക്കെതിരെയുള്ള കേരളത്തിന്റെ പ്രതിഷേധം അറിയിച്ചു. ഉപസമിതിയുടെ സംശയങ്ങൾക്ക് വിശദീകരണം നൽകാനുള്ള അവസരം മാത്രമാണ് കേരളം ആവശ്യപ്പെട്ടത്. കേന്ദ്ര മന്ത്രിമാരായ ശ്രീ. എ. കെ. ആന്റണിയും, ശ്രീ. വയലാർ രവിയും കേന്ദ്രമന്ത്രിസഭയിലെ മറ്റ് മലയാളി മന്ത്രിമാരും എം.പി. മാരും കേരളത്തിന്റെ നിലപാടിന് ശക്തമായ പിന്തുണ നൽകി. വിശ്വമലയാള മഹോത്സവത്തിൽ ബഹുമാന്യനായ പ്രസിഡന്റ് ശ്രീ. പ്രണബ് മുഖർജിയുടെ സാന്നിദ്ധ്യം ഉണ്ടായതും മലയാളത്തിന്റെ

ആവശ്യങ്ങൾ ഉന്നയിക്കാൻ അവസരം ലഭിച്ചതും നമ്മുടെ വാദത്തിന് ശക്തി പകർന്നു. പ്രധാനമന്ത്രി നിർദ്ദേശിച്ചതുപ്രകാരം ഉപസമിതി വീണ്ടും യോഗം ചേർന്നപ്പോൾ കേരളത്തിന്റെ വാദം അവതരിപ്പിക്കാൻ അവസരം ലഭിച്ചു. മലയാളം സർവ്വകലാശാല വൈസ് ചാൻസലർ ശ്രീ. കെ. ജയകുമാർ, ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ഭാഷാ വിദഗ്ദ്ധൻ പ്രൊഫ. ബി. ഗോപിനാഥൻ നായർ എന്നിവർ കേരളത്തിന്റെ വാദഗതി ശക്തമായിത്തന്നെ സമിതിയിൽ അവതരിപ്പിച്ചു. വിദഗ്ദ്ധ അംഗമായി ഉപസമിതി ക്ഷണിച്ചപ്രകാരം യോഗത്തിൽ പങ്കെടുത്ത ഡോ. എം.ജി.എസ്. നാരായണൻ കേരളത്തിന്റെ ആവശ്യത്തിന് ശക്തമായ പിന്തുണയും നൽകി. വിദഗ്ദ്ധ സമിതി അംഗമായ ഡോ. ശ്രീനാഥനും നരവംശ ശാസ്ത്രജ്ഞനായ ഡോ. വി. ആർ. റാവുവും മലയാളത്തിനുവേണ്ടി ശക്തമായി വാദിച്ചു. തുടർന്ന് ഉപസമിതി മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവിക്കുള്ള ശുപാർശ നൽകാൻ തയ്യാറായി. 19.12.2012-ലെ മീറ്റിംഗിൽ മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി നൽകാനുള്ള തീരുമാനം കൈകൊണ്ടു. ഈ നിലപാട് അംഗീകരിച്ച് മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നൽകുന്നതാണെന്ന് കേന്ദ്ര സാഹിത്യ അക്കാദമി 24.02.2013-ന് ശുപാർശ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി നൽകാൻ മേയ് 23-ന് കേന്ദ്രമന്ത്രി സഭ തീരുമാനിച്ചു. ഇതിന് ആദ്യഘട്ടം മുതൽ സഹായിച്ച പ്രധാനമന്ത്രിയോടുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തട്ടെ. ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്നതിനുള്ള സർവ്വയോഗ്യതകളും നമ്മുടെ ഭാഷയ്ക്കുണ്ടെന്ന് അവിതർക്കിതമായി സ്ഥാപിക്കപ്പെട്ടതിന്റെ ഫലമായി ലഭിക്കുന്ന പദവി ഓരോ കേരളീയന്റേയും സ്വപ്നം തന്നെയാണ്. നൂറ് കോടി രൂപയുടെ സാമ്പത്തിക നേട്ടത്തെക്കാൾ നമ്മുടെ

പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും പ്രതീകമായി സ്വന്തം ഭാഷയ്ക്ക് ലഭിക്കുന്ന അംഗീകാരമായിരിക്കും നാം ഓരോരുത്തരും പ്രതീക്ഷിക്കുന്ന തെന്ന് സംശയലേശമന്യേ പറയാം. ഒരർത്ഥത്തിൽ ഇതൊരു വെല്ലുവിളിയാ ണ്. മലയാള ഭാഷയുടെ വളർച്ചയ്ക്കും വികാസത്തിനും സഹായകരമായ രീതിയിൽ ഈ അംഗീകാരം പ്രയോജനപ്പെടുത്താനുള്ള ചുമതല നമുക്കുണ്ട്. ഇതുസംബന്ധിച്ച് സാംസ്കാരിക സാഹിത്യ നായകന്മാരുമായി ചില പ്രാഥ മിക ചർച്ചകൾ ഇതിനോടകംതന്നെ നടത്തുകയുണ്ടായി. ഭാഷാപഠന രംഗത്തും സാഹിത്യ-സാംസ്കാരിക മേഖലയിലും പ്രവർത്തിച്ചുവരുന്ന സാഹിത്യ അക്കാദമി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മലയാളം സർവ്വകലാശാല തുട ങ്ങിയ സ്ഥാപനങ്ങളെ ശാക്തീകരിക്കുക, രാജ്യത്തിനകത്തും പുറത്തും ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുക, സ്കൂൾ-കോളേജ് തലത്തിൽ മലയാളം ആകർഷകമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക, വൈജ്ഞാനിക ഗവേഷണ ഗ്രന്ഥങ്ങൾ കൂടുതലായി പ്രസിദ്ധീകരിക്കുക, മലയാളം കൃതികൾ മറ്റ് ഇന്ത്യൻ ഭാഷകളിലേക്കും വിദേശ ഭാഷകളിലേക്കും വിവർത്തനം ചെയ്യാ നായി മലയാളം തർജ്ജിമ മെഷിൻ രൂപീകരിക്കുക, ക്ലാസിക് ഗ്രന്ഥങ്ങൾ ഡിജിറ്റൽ രൂപത്തിൽ പ്രസിദ്ധീകരിക്കുക തുടങ്ങിയ നിവരവധി നിർദ്ദേശങ്ങൾ യോഗത്തിൽ ഉന്നയിക്കുകയുണ്ടായി. ഈ നിർദ്ദേശങ്ങൾ ഏകോപിപ്പിക്കാ നായി സാംസ്കാരിക ഉന്നതതല സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ചുരുങ്ങിയ കാലത്തിനുള്ളിൽ മലയാളം ഒന്നാം ഭാഷയാക്കാനും, മലയാളം സർവ്വകലാശാല സ്ഥാപിക്കാനും, മലയാളമിഷന്റെ പ്രവർത്തനം വിപുലീകരി ക്കാനും, സർക്കാർ ജോലിക്കുവേണ്ടിയുള്ള പി.എസ്.സി. പരീക്ഷയിൽ മലയാ ളം നിർബന്ധമാക്കാനും ഇപ്പോൾ മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നേടാൻ കഴിഞ്ഞതിലും സംതൃപ്തിയുണ്ട്. നമ്മുടെ മാതൃഭാഷയുടെ ശാക്തീ

കരണത്തിനായുള്ള പ്രവർത്തനങ്ങളിൽ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**പാനൽ ഓഫ് ചെയർമാൻ**

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എം.എ. വാഹിദ്, ശ്രീ. തോമസ് ഉണ്ണിയാടൻ, ശ്രീമതി പി. അയിഷാ പോറ്റി എന്നിവരെ പതിമൂന്നാം കേരളാ നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലേയ്ക്കുള്ള ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.